**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1506** **19-01-2021 - ൽ മറുപടിയ്ക്ക്**

**പുനർജ്ജനി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജി ചെറിയാൻ,<br>ശ്രീ . പി . കെ . ശശി ,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ. കെ. ജെ. മാക്സി | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | പ്രളയം മൂലം നാശനഷ്ടം സംഭവിച്ച കാർഷികമേഖലയുടെ പുനരുജ്ജീവനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) | പ്രളയം മൂലം കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി വിവിധ സന്നദ്ധ പ്രവർത്തകർ, കാർഷിക കർമ്മസേനകൾ, അഗ്രോസർവ്വീസ് സെന്ററുകൾ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ, വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ പ്രവർത്തന രഹിതമായ കാർഷിക ഉപകരണങ്ങൾ, പമ്പുസെറ്റുകൾ, പെട്ടി പറ എന്നിവ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. കൂടാതെ കൃഷി സ്ഥലം കൃഷിയ്ക്ക് ഉപയുക്തമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. സർക്കാർ ഫണ്ട് ഉപയോഗിച്ച് പുനർജനി പദ്ധതിയിൽ പത്തനംതിട്ട ജില്ലയിലെ നിരണം, പെരിങ്ങര കൃഷി ഭവനുകളുടെ നിർമ്മാണം, പന്തളം കരിമ്പ് വിത്തുൽപാദന കേന്ദ്രത്തിലെ ഫാം റോഡ് പുനരുദ്ധാരണം, പത്തനംതിട്ട ജില്ലാ മണ്ണ് പരിശോധനാശാലയുടെ കെട്ടിട നിർമ്മാണം, ഓണാട്ടുകരയുടെ വികസനം എന്നിവയ്ക്കായി ആകെ 224 ലക്ഷം രൂപ (രണ്ട് കോടി ഇരുപത്തിനാല് ലക്ഷം രൂപ) വകയിരുത്തി പ്രവർത്തനങ്ങൾ തുടർന്നു വരുന്നു. |
| (ബി) | ഇതിന്റെ ഭാഗമായി ജനപ്രതിനിധികൾ, കർഷകർ, സന്നദ്ധ പ്രവർത്തകർ, കാർഷികകർമ്മസേന അംഗങ്ങൾ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെ നടപ്പിലാക്കിയ പുനർജ്ജനി പദ്ധതി പ്രകാരം എന്തെല്ലാം സഹായമാണ് കർഷകർക്ക് ലഭ്യമാക്കിയതെന്ന് അറിയിയ്ക്കാമോ; | (ബി) | പ്രളയം മൂലം കാർഷിക മേഖലയുടെ പുനരുജ്ജീവനത്തിനായി വിവിധ സന്നദ്ധ പ്രവർത്തകർ, കാർഷിക കർമ്മസേനകൾ, അഗ്രോസർവ്വീസ് സെന്ററുകൾ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ, വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ പ്രവർത്തന രഹിതമായ കാർഷിക ഉപകരണങ്ങൾ, പമ്പുസെറ്റുകൾ, പെട്ടി പറ എന്നിവ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. കൂടാതെ കൃഷി സ്ഥലം കൃഷിയ്ക്ക് ഉപയുക്തമാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. സർക്കാർ ഫണ്ട് ഉപയോഗിച്ച് പുനർജനി |

| | | | |
|---|---|---|---|
| | | | പദ്ധതിയിൽ പത്തനംതിട്ട ജില്ലയിലെ നിരണം, പെരിങ്ങര കൃഷി ഭവനുകളുടെ നിർമ്മാണം, പന്തളം കരിമ്പ് വിത്തുൽപാദന കേന്ദ്രത്തിലെ ഫാം റോഡ് പുനരുദ്ധാരണം, പത്തനംതിട്ട ജില്ലാ മണ്ണ് പരിശോധനാശാലയുടെ കെട്ടിട നിർമ്മാണം, ഓണാട്ടുകരയുടെ വികസനം എന്നിവയ്ക്കായി ആകെ 224 ലക്ഷം രൂപ (രണ്ട് കോടി ഇരുപത്തിനാല് ലക്ഷം രൂപ) വകയിരുത്തി പ്രവർത്തനങ്ങൾ തുടർന്നു വരുന്നു. |
| (സി) | പ്രളയത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് അർഹമായ നഷ്ടപരിഹാരം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും എത്ര തുക ഇതിനായി നീക്കിവച്ചുവെന്നും വ്യക്തമാക്കാമോ? | (സി) | പ്രളയത്തിൽ കൃഷി നാശം സംഭവിച്ച കർഷകർക്ക് അർഹമായ നഷ്ടപരിഹാരം നൽകുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു. 2018-19, 2019-20 ലെ പ്രളയത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് വിവിധ പദ്ധതികളിലായി നീക്കിവെച്ച തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| വർഷം | വിള ഇൻഷ്വറൻസ് പദ്ധതി (കോടി) | പ്രകൃതിക്ഷോഭം പദ്ധതി (കോടി) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി (കോടി) | SDRF ധന സഹായം (കോടി) |
|---|---|---|---|---|
| 2018-2019 | 51 | 121.79 | 54 | 115.988 |
| 2019-2020 | 55.01 | 5.7290704 | - | 9.4215023 |
| 2020-2021 | 69.5727 | 6.9938919 | 85.6 | 17.065392 |